**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **31-01-2024 - ൽ മറുപടിയ്ക്ക്**

**നിയമവിധേയമായി പ്രവർത്തിച്ചുവരുന്ന അനാഥാലയങ്ങൾക്ക് ജല വിതരണത്തിൽ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമവിധേയമായി പ്രവർത്തിച്ചുവരുന്ന അനാഥാലയങ്ങൾക്ക് ജലം വിതരണം ചെയ്യുന്നതിൽ എന്തെല്ലാം ഇളവുകളാണ് നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | G O (Rt) No. 1457/2012/WRD dated 13/12/2012 പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും ഗാർഹിക നിരക്കിലാണ് നിലവിൽ ജലം വിതരണം ചെയ്യുന്നത്. |
| (ബി) | തികച്ചും സൗജന്യമായി സേവനം നൽകുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഭീമമായ തുക വെള്ളത്തിനുവേണ്ടി ചെലവഴിക്കാൻ കഴിയില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശോധിച്ചിട്ടില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും സേവനം കണക്കാക്കിയാണ് G O (Rt) No. 1457/2012/WRD dated 13/12/2012 പ്രകാരം കേരള സർക്കാർ ഇത്തരം സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കായ ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്. |
| (സി) | എങ്കിൽ ഇപ്രകാരം നിയമവിധേയമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് സൗജന്യമായി അല്ലെങ്കിൽ ഗാർഹിക താരിഫിനേക്കാൾ കുറഞ്ഞ നിരക്കിൽ ജലം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും സേവനം കണക്കാക്കിയാണ് കേരള സർക്കാർ ഏറ്റവും കുറഞ്ഞ നിരക്കായ ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്.<br><br>2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയാണ്. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായികൊണ്ടിരിരുന്നത്. ആയതിനാൽ നിലവിലെ ഗാർഹിക നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ നിർവ്വാഹമില്ല. |
| (ഡി) | സംസ്ഥാനത്ത് സൗജന്യ പ്രവർത്തനം നടത്തുന്ന | (ഡി) | 13.12.2012 തീയതിയിലെ G.O(Rt)No.1457/2012/ |

| | | | |
|---|---|---|---|
| | സാംസ്കാരിക സ്ഥാപനങ്ങളിലെയും ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിലെയും കുടിവെള്ള കണക്ഷൻ ഗാർഹിക താരിഫിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | | WRD നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കുമാണ് ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്. സൗജന്യ പ്രവർത്തനം നടത്തുന്ന സാംസ്കാരിക സ്ഥാപനങ്ങളെയും ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളെയും ഗാർഹികേതര ഉപഭോക്താവായി കണക്കാക്കുന്ന നിലവിലുള്ള രീതി മാറ്റുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) | ഇക്കാര്യത്തിൽ ആവശ്യമായ ഒരു നയം രൂപീകരിക്കുവാനും അതിനനുസൃതമായി നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ